# പതിനാലാം കേരള നിയമസഭ
# പത്തൊൻപതാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ : 2652 13.03.2020 -ൽ മറുപടിക്ക്**

## കുന്നത്തുനാട് മണ്ഡലത്തിലെ റോഡുകൾ

| ചോദ്യം<br>ശ്രീ.വി.പി.സജീന്ദ്രൻ : | മറുപടി<br>ശ്രീ.ജി.സുധാകരൻ<br>(പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പ് മന്ത്രി) |
|---|---|
| (എ) കുന്നത്തുനാട് മണ്ഡലത്തിൽ ഉൾപ്പെട്ട ചൂണ്ടി-രാമമംഗലം-മീമ്പാറ-തിരുവാണിയൂർ റോഡ്, പെരിങ്ങാല-പുത്തൻകുരിശ് റോഡ് എന്നിവയ്ക്ക് ഭരണാനുമതി ലഭിച്ച ശേഷം സാങ്കേതിക അനുമതി ലഭിക്കുന്നതിന് ഉണ്ടായ കാലതാമസം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ആയതിന്റെ കാരണം വ്യക്തമാക്കാമോ;<br><br>(ബി) അടിയന്തര പ്രാധാന്യം നൽകി പ്രസ്തുത റോഡുകൾക്ക് സാങ്കേതിക അനുമതി നൽകി ടെണ്ടർ നടപടി സ്വീകരിക്കുമോ എന്നറിയിക്കാമോ? | (എ) & (ബി) കുന്നത്തുനാട് മണ്ഡലത്തിൽ ഉൾപ്പെട്ട ചൂണ്ടി - രാമമംഗലം റോഡ് പ്രവൃത്തിയ്ക്ക് സാങ്കേതികാനുമതി നൽകുന്ന വിഷയം പെരുമ്പാവൂർ സബ് ഡിവിഷൻ കാര്യാലയത്തിൽ പരിശോധിച്ചു വരുന്നു. പെരിങ്ങാല - പുത്തൻകുരിശ് റോഡിന്റെ എസ്റ്റിമേറ്റ് സാങ്കേതിക അനുമതിക്കായി തയ്യാറാക്കിയെങ്കിലും പ്രവൃത്തിയുടെ പേര് മാറ്റുന്നതിനുവേണ്ടി ചീഫ് എഞ്ചിനീയർ സമർപ്പിച്ച നിർദ്ദേശം സർക്കാരിന്റെ പരിഗണനയിലാണ്. |

Kunalello

**സെക്ഷൻ ഓഫീസർ**